# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രണ്ട് ദിവസത്തെ സന്ദർശനത്തിനായ് രാഷ്ട്രപതി ദ്രൗപദി മുർമു ഫിജിയിലെത്തി. ഫിജി പ്രസിഡൻറുമായി രാഷ്ട്രപതി ഉഭയകക്ഷി ചർച്ച നടത്തും.

   President Droupadi Murmu arrives in Fiji on two-day official visit; To hold bilateral meetings with her counterpart.

2. ജമ്മു കശ്മീരിലെ ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിന് കേന്ദ്ര സർക്കാർ നിരന്തരം പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi has said that the government will keep working for the people of Jammu and Kashmir and Ladakh and fulfil their aspirations.

3. പാർലമെന്റിന്റെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു.

   Both houses of Parliament adjourned for the Day.

4. ബംഗ്ളാദേശിൽ വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ ഷെയ്ക്ക് ഹസീന പ്രധാനമന്ത്രി സ്ഥാനം രാജിവെച്ചു. ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് സൈന്യം.

   Amidst Violent Protests, Sheikh Hasina Resigns as Prime Minister. Army Chief Announces Formation of Interim Government.

5. വയനാട് ഉരുൾപൊട്ടലിൽ കാണാതായവർക്കുള്ള തെരച്ചിൽ ഇന്നത്തേക്ക് അവസാനിപ്പിച്ചു. പുനരധിവാസത്തിന് സമഗ്ര പാക്കേജ് നടപ്പിലാക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.

Today's search for missing persons in the Wayanad landslides ended. Finance Minister K N Balagopal said that a comprehensive package will be implemented for rehabilitation.

6. പാരിസ് ഒളിമ്പിക്സ് ഗുസ്തിയിൽ ഇന്ത്യൻ താരം നിഷ ദഹിയ ക്വാട്ടറിൽ കടന്നു . ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നിന് നാലാം സ്ഥാനം.

In Paris Olympics Indian wrestler Nisha Dahiya entered the Quarter Finals. Lakshya Sen ranks 4th in Badminton Men's Singles.

************************

## PREZ- VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഫിജിയിലെത്തി. തലസ്ഥാനമായ സുവയിൽ രാഷ്ട്രപതി ഉഭയകക്ഷി ചർച്ചയിൽ പങ്കെടുക്കും. ഫിജിയൻ പാർലമെൻറിനെയും അഭിസംബോധന ചെയ്യും. തുടർന്ന് ന്യൂസിലാൻഡിലെത്തുന്ന രാഷ്ട്രപതി വെല്ലിംഗ്ടണിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഓക് ലൻഡിൽ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ അവസാന പാദത്തിൽ തിമോർ ലെസ്റ്റെയിൽ എത്തുന്ന ശ്രീമതി ദ്രൗപദി മുർമു ഇന്ത്യൻ സമൂഹവുമായി ആശയവിനിമയം നടത്തും.

************************

## PM-ARTICLES 370 and 35

ജമ്മു കശ്മീരിലേയും ലഡാക്കിലേയും ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിന് കേന്ദ്ര സർക്കാർ നിരന്തരം പ്രവർത്തിക്കുമെന്ന്

പ്രധാനമന്ത്രി നരേന്ദ്ര മോദി. അനുച്ഛേദം 370, 35(എ) എന്നിവ റദ്ദാക്കിയതിന്റെ 5 -ാം വാർഷിക ദിനത്തിൽ സമൂഹ മാധ്യമത്തിൽ പങ്കു വെച്ച പോസ്റ്റിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ജമ്മു കശ്മീരിലും ലഡാക്കിലും പുരോഗതിയുടെയും സമൃദ്ധിയുടെയും പുതിയ യുഗത്തിന് തുടക്കമിട്ട നിർണ്ണായക നിമിഷമായിരുന്നു അതെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു. ജമ്മു കശ്മിരിൽ ജനാധിപത്യം ശക്തിപ്പെടുത്തുന്ന തീരുമാനമായിരുന്നു അനുച്ഛേദം 370ൻറെ റദ്ദാക്കലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അനുസ്മരിച്ചു.

************************

## PARLIAMENT TODAY

പാർലമെന്റിന്റെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിലെ ശൂന്യവേളയിൽ വിവിധ വിഷയങ്ങളാണ് എം പിമാർ ഉന്നയിച്ചത്. ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന നിരക്ക് വൻതോതിൽ വർദ്ധിച്ചതായി കേരളത്തിൽ നിന്നുള്ള കോൺഗ്രസ് എംപി ജബി മേത്തർ ഉന്നയിച്ചു. ബംഗ്ലാദേശിൽ നിന്ന് പശ്ചിമബംഗാളിലേക്ക് എത്തുന്ന അഭയാർത്ഥികളുടെ വിഷയം ആശങ്കാജനകമാണെന്ന് ബിജെപി എംപി സമിക് ഭട്ടാചാര്യ അറിയിച്ചു.

************************

## LS-VISA ON ARRIVAL

167 രാജ്യങ്ങളിലെ പൗരൻമാർക്ക് ഇലക്ട്രോണിക് ട്രാവൽ ഓതറൈസേഷനുള്ള ഇ-വീസ സൗകര്യം ഇന്ത്യയിൽ ലഭ്യമാണെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത് ലോക്സഭയിൽ അറിയിച്ചു. 30 നിയുക്ത അന്താരാഷ്ട്ര വിമാനത്താവളങ്ങളിലൂടെയും, 6 പ്രധാന തുറമുഖങ്ങളിലൂടെയുമാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്.

വിനോദസഞ്ചാരം, മെഡിക്കൽ, വാണിജ്യ- വ്യാപാര ആവശ്യങ്ങൾ എന്നിവയ്ക്കായി ജപ്പാൻ, ദക്ഷിണ കൊറിയ, യുഎഇ എന്നിവിടങ്ങളിലെ പൗരന്മാർക്ക് വീസ ഓൺ അറൈവൽ സൗകര്യം ലഭ്യമാണെന്നും അദ്ദേഹം അറിയിച്ചു.

************************

## LS UNORGANISED PENSION

രാജ്യത്തെ അസംഘടിത മേഖലയിലെ 50 ലക്ഷത്തിലധികം തൊഴിലാളികൾ പ്രധാൻമന്ത്രി ശ്രം യോഗി മാൻധൻ പദ്ധതിയിൽ അംഗങ്ങളായതായി കേന്ദ്ര സഹ മന്ത്രി ശോഭാ കരന്ദലജെ ലോക്സഭയിൽ അറിയിച്ചു. കഴിഞ്ഞ മാസം അവസാനം വരെയുള്ള കണക്കുകളാണിത്. 2019 ലാണ് അംസഘടിത മേഖലയിലെ 18 നും 40 നും ഇടയിൽ പ്രായമുള്ള തൊഴിലാളികൾക്കായി പദ്ധതി ആരംഭിച്ചത്. ഏറ്റവും കൂടുതൽ തൊഴിലാളികൾ പദ്ധതിയിൽ അംഗങ്ങളായത് ഹരിയാനയിലാണെന്നും ശ്രീമതി ശോഭാ കരന്ദലജെ അറിയിച്ചു.

************************

## RS-LPG

രാജ്യത്ത് എൽപിജി റീഫില്ലുകളുടെ വിതരണം ഉറപ്പാക്കാനും പുതിയ കണക്ഷനുകൾക്കുമായി 50 കോടിയിലധികം സിലിണ്ടറുകൾ ലഭ്യമാണെന്ന് കേന്ദ്ര പെട്രോളിയം - പ്രകൃതി വാതക സഹമന്ത്രി സുരേഷ് ഗോപി. പാചകവാതക വില അന്താരാഷ്ട്ര വിപണിയിലെ വിലയുമായി ബന്ധപ്പെട്ടിരിക്കുകയാണെന്നും അദ്ദേഹം രാജ്യസഭയിൽ എഴുതി നൽകിയ മറുപടിയിൽ പറഞ്ഞു .

************************

## PM-ELECTRONICS

രാജ്യത്തെ കയറ്റുമതി രംഗത്ത് ഇലക്ട്രോണിക്സ് മേഖല മൂന്നാം സ്ഥാനത്ത് എത്തിയതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. നൂതന ആശയങ്ങളുള്ള യുവ തലമുറയാണ് ഇലക്ട്രോണിക്സ് കയറ്റുമതി മേഖലയുടെ ശക്തിയെന്നും, കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിൻറെ സമൂഹ മാധ്യമ കുറിപ്പ് പങ്കുവെച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

************************

## Wayanad - Landslide

വയനാട് ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് ദുരിതബാധിതരുടെ പുനരധിവാസം ഉറപ്പാക്കുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം ചർച്ച ചെയ്തു. കാണാതായവർക്കായുള്ള തെരച്ചിലിൻറെ പുരോഗതിയും യോഗം വിലയിരുത്തി. പുനരധിവാസത്തിനായി സമഗ്ര പാക്കേജ് അനുവദിക്കുമെന്ന് ധനമന്ത്രി കെഎൻ ബാലഗോപാൽ വയനാട്ടിൽപറഞ്ഞു. അതേസമയം, തിരിച്ചറിയാത്ത 31 മൃതദേഹങ്ങളും 158 ശരീരഭാഗങ്ങളും പുത്തുമലയിൽ ഇന്ന് സംസ്കരിച്ചു.

**************************

## BANGLADESH PM (INTRO)

ബംഗ്ളാദേശിൽ ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് സൈന്യം. വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ ഷെയ്ക്ക് ഹസീന പ്രധാനമന്ത്രി സ്ഥാനം രാജി വെച്ചതിനെ തുടർന്നാണ് സൈന്യം നിയന്ത്രണം ഏറ്റെടുത്തത്. ബംഗ്ളാദേശിലെ വിമാനത്താവളം ആറ് മണിക്കൂർ അടച്ചിട്ടു.

വിശദാംശങ്ങളിലേക്ക് ...

(വോയിസ്)

ബംഗ്ലാദേശ് പ്രധാനമന്ത്രി പദം രാജിവെച്ചതിനെ തുടർന്ന് ഷെയ്ക്ക് ഹസീന സുരക്ഷിതമായ സ്ഥലത്തേക്ക് പോയതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ധാക്കയിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിലേക്ക് നൂറുകണക്കിന് പ്രതിഷേധക്കാർ എത്തിയതോടെ ഷെയ്ക്ക് ഹസീന സൈനിക ഹെലികോപ്റ്ററിൽ രാജ്യം വിടുകയായിരുന്നു. രാജ്യത്തിൻറെ നിയന്ത്രണം ബംഗ്ലാദേശ് സൈന്യം ഏറ്റെടുത്തിരിക്കുകയാണ്. പ്രതിഷേധം അവസാനിപ്പിക്കണമെന്ന് ബംഗ്ലാദേശ് കരസേനാ മേധാവി ജനറൽ വക്കർ-ഉസ്-സമാൻ ടെലിവിഷൻ അഭിസംബോധനയിൽ ജനങ്ങളോട് അഭ്യർത്ഥിച്ചു. ബംഗ്ലാദേശിൽ പ്രതിഷേധങ്ങളിൽ 100 പേർ കൊല്ലപ്പെടുകയും 1000 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായാണ് റിപ്പോർട്ട്. 1971- ലെ വിമോചന പോരാളികളുടെ കുടുംബാംഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയതിനെ തുടർന്നാണ് ബംഗ്ലാദേശിൽ കലാപം പൊട്ടിപുറപ്പെട്ടത്. പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ

പൗരന്മാർക്ക് വിദേശകാര്യ മന്ത്രാലയം ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ഇന്ത്യക്കാർ എംബസിയുമായി നിരന്തരം സമ്പർക്കം പുലർത്തണമെന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ബംഗ്ലാദേശിലേക്ക് യാത്ര ചെയ്യരുതെന്നും അധികൃതർ അറിയിച്ചു.
ന്യൂസ് ഡെസ്ക്, ആകാശവാണി.

************************

പാരിസ് ഒളിമ്പിക്സിൽ ഗുസ്തിയിൽ ഇന്ത്യൻ താരം നിഷ ദഹിയ ക്വാർട്ടറിൽ കടന്നു. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെന്നിന് നാലാം സ്ഥാനം. വനിതകളുടെ ടേബിൾ ടെന്നീസ് ടീം ഇനത്തിൽ ശ്രീജ അകുല, മണിക ബത്ര, അർച്ചന കാമത്ത് സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു. ഷൂട്ടിംഗിൻറെ സ്കീറ്റ് മിക്സഡ് ടീം ഇനത്തിൽ അനന്ത് ജീത് സിംഗ് - മഹേശ്വരി ചൗഹാൻ സഖ്യം വെങ്കല മെഡലിനായുള്ള പോരാട്ടത്തിൽ ചൈനയോട് പരാജയപ്പെട്ടു.

************************

## STAMPS-RELEASE

പാരീസ് ഒളിമ്പിക്സിന്റെ നാല് സ്മാരക സ്റ്റാമ്പുകൾ കേന്ദ്ര മന്ത്രിമാരായ ജ്യോതിരാദിത്യ സിന്ധ്യയും, മൻസുഖ് മാണ്ഡവ്യയും ചേർന്ന് ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കി. ജാവലിൻ ത്രോ, ഫീൽഡ് ഹോക്കി, സെയിലിംഗ്, ടേബിൾ ടെന്നീസ് തുടങ്ങിയ കായിക ഇനങ്ങളെ പ്രതിനിധീകരിക്കുന്നവയാണ് സ്മാരക സ്റ്റാമ്പുകൾ.

************************

## NCW-DIGITAL SHAKTI CENTER

സ്ത്രീകൾക്കെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ദേശീയ വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ ശക്തി കേന്ദ്രം ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ സാങ്കേതിക പിന്തുണ, ഡിജിറ്റൽ ശക്തി കേന്ദ്രത്തിലൂടെ ലഭ്യമാക്കും.

************************

## DAY PUNE - ZIKA VIRUS

മഹാരാഷ്ട്രയിലെ പൂനെയിൽ സിക വൈറസ് ബാധ വർധിക്കുന്നതായി റിപ്പോർട്ട്. ജില്ലയിൽ 72 പേരാണ് രോഗബാധിതരായത് . പുണെ നഗരത്തിൽ മാത്രം 65 പേർക്കാണ് രോഗം സ്ഥിരീകരിച്ചത് .വൈറസിനെതിരേ ജാഗ്രത പാലിക്കാൻ അധികൃതർ പ്രദേശവാസികളോട് അഭ്യർത്ഥിച്ചു.

************************

## HIMACHAL RESCUE OPERATION

ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനത്തിൽ കാണാതായവർക്കായുള്ള തിരച്ചിൽ അഞ്ചാം ദിവസമായ ഇന്നും തുടരുന്നു. ഷിംല, മാണ്ഡി, കുളു ജില്ലകളിലാണ് ദുരന്തമുണ്ടായത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 40-ഓളം പേരെയാണ് കാണാതായത്. മണ്ണിടിച്ചിലിനെ തുടർന്ന് കുളു - മണാലി ദേശീയ പാതയിലൂടെയുള്ള ഗതാഗതം താത്കാലികമായി നിർത്തിവെച്ചു.

************************

## CDS-CONFERENCE

കര - നാവിക - വ്യോമ സേനകളുടെ സംയുക്ത സാമ്പത്തിക സമ്മേളനം ന്യൂഡൽഹിയിൽ ആരംഭിച്ചു. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനാണ് സമ്മേളനത്തിന് അധ്യക്ഷത വഹിക്കുന്നത്. സായുധ സേനകളിലെ ഏകീരണവും സഹകരണവും ലക്ഷ്യമിട്ടുള്ളതാണ് സമ്മേളനം.

************************

## STOCK CLOSE+ GOLD

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 2,222 പോയിന്റ് താഴ്ന്ന് 78,759- ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 662 പോയിന്റ് കുറഞ്ഞ് 24,056 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വിലയിൽ മാറ്റമില്ല.

************************

**Rain-Kerala**

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ

മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ ഉയർന്ന തിരമാലക്ക് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&

&&&&&&